## പതിനാലാം കേരള നിയമസഭ
## ഒമ്പതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1555** **31.01.2018 ൽ മറുപടിയ്ക്ക്**

### ഇക്കോ-ഷോപ്പുകൾ

**ചോദ്യം**
**ശ്രീ.മുരളി പെരുനെല്ലി**

**മറുപടി**
**ശ്രീ. വി.എസ്. സുനിൽ കുമാർ**
**(കൃഷി വകുപ്പ് മന്ത്രി)**

എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഇതുവരെ എത്ര ഇക്കോ ഷോപ്പുകൾ അനുവദിച്ചുവെന്ന് വ്യക്തമാക്കാമോ;

എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2016-17 സാമ്പത്തിക വർഷം 65 ഇക്കോഷോപ്പുകളും 2017-18 സാമ്പത്തിക വർഷത്തിൽ വിപണി വികസന പദ്ധതി കൂടി ഉൾപ്പെടെ 367 ഇക്കോഷോപ്പുകളും അനുവദിച്ചിട്ടുണ്ട്.

ബി) പുതിയതായി ഇക്കോ-ഷോപ്പുകൾ, പ്ലാന്റ് ക്ലിനിക്കുകൾ എന്നിവ ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്താമോ;

ബി) 2017-18 സാമ്പത്തിക വർഷത്തിൽ പുതിയതായി 367 ഇക്കോഷോപ്പുകൾ അനുവദിച്ചിട്ടുണ്ട്.

2017-18 -ൽ പുതിയതായി 50 പ്ലാൻറ് ഹെൽത്ത് ക്ലിനിക്കുകൾ തുടങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ. നം. | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 3 |
| 2 | കൊല്ലം | 4 |
| 3 | പത്തനംതിട്ട | 1 |
| 4 | ആലപ്പുഴ | 3 |
| 5 | കോട്ടയം | 3 |
| 6 | ഇടുക്കി | 4 |
| 7 | എറണാകുളം | 4 |
| 8 | തൃശ്ശൂർ | 9 |
| 9 | പാലക്കാട് | 3 |
| 10 | മലപ്പുറം | 2 |

| | | |
|---|---|---|
| 11 | കോഴിക്കോട് | 4 |
| 12 | വയനാട് | 3 |
| 13 | കണ്ണൂർ | 5 |
| 14 | കാസർഗോഡ് | 2 |
| ആകെ | | 50 |

| | | | |
|---|---|---|---|
| സി) | മണലൂർ മണ്ഡലത്തിൽ പുതിയ ഇക്കോ-ഷോപ്പുകൾ, പ്ലാന്റ് ക്ലിനിക്കുകൾ എന്നിവ അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | സി) | മണലൂർ മണ്ഡലത്തിൽ 2016-17 സാമ്പത്തിക വർഷം രണ്ട് ഇക്കോഷോപ്പുകളും 2017-18 സാമ്പത്തിക വർഷത്തിൽ ചൊവ്വന്നൂർ ബ്ലോക്കിലെ ചൂണ്ടലിൽ ഒരു ഇക്കോഷോപ്പും ആരംഭിച്ചിട്ടുണ്ട്.<br>ഈ വർഷം പുതിയതായി പ്ലാൻറ് ഹെൽത്ത് ക്ലിനിക്കുകൾ മണലൂർ മണ്ഡലത്തിൽ അനുവദിച്ചിട്ടില്ല. |

Mayal

**സെക്ഷൻ ഓഫീസർ**